# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 20**

---

## എൻ.എസ്.എസ് അവാർഡുകൾ മന്ത്രി വി.എൻ. വാസവൻ സമ്മാനിക്കും

*മഹാത്മാ ഗാന്ധി സർവകലാശാലാ നാഷണൽ സർവീസ് സ്കീമിന്റെ 2023-24 വർഷത്തെ അവാർഡ് ദാനവും സംഗമവും മാർച്ച് 22ന് സർവകലാശാലാ അസംബ്ലി ഹാളിൽ നടക്കും. രാവിലെ പത്തിന് സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ കുമാർ അധ്യക്ഷത വഹിക്കും.*

*സർവകലാശാലാ സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യ പ്രഭാഷണം നടത്തും. എൻ.എസ്.എസ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ഇ.എൻ. ശിവദാസൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും.*

*സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ബിജു തോമസ്, പി. ഹരികൃഷ്ണൻ, അഡ്വ. പി.ബി. സതീഷ്കുമാർ, അഡ്വ. പി.ബി. രതീഷ്, സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സംസ്ഥാന നാഷണൽ സർവീസ് സ്കീം ഓഫീസർ ഡോ. ആർ.എൻ. അൻസർ, എൻ.എസ്.എസ് റീജിയണൽ ഡയറക്ടർ വൈ.എം. ഉപ്പിൻ, കൊളീജിയറ്റ് എജ്യുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ആർ. പ്രഗാഷ്, എൻ.എസ്.എസ് ജില്ലാ കോ-ഓർഡിനേറ്റർ ഡോ. കെ.ആർ. അജീഷ് എന്നിവർ സംസാരിക്കും.*

*(പി.ആർ.ഒ/39/1398/2025)*

## പ്രഫ. ബിജു ലക്ഷ്മണൻ അനുസ്മരണം ഇന്ന്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിന്റെ(എസ്.ജി.ടി.ഡി.എസ്) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഫ. ബിജു ലക്ഷ്മണൻ അനുസ്മരണ സമ്മേളനം ഇന്നു(മാർച്ച് 21) നട*

*ക്കും. വകുപ്പിലെ സെമിനാർ ഹാളിൽ രാവിലെ പത്തിന് നടക്കുന്ന പരിപാടി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.*

*പ്രഫ. സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷണം നടത്തും. സർവകലാശാലാ രജിസ്ട്രാർ ബിസ്മി ഗോപാലകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നിർവഹിക്കും. എസ്.ജി.ടി.ഡി.എസ് ഡയറക്ടറായിരിക്കെ കഴിഞ്ഞ വർഷമാണ് പ്രഫ. ബിജു ലക്ഷ്മണൻ അന്തരിച്ചത്.*

*(പി.ആർ.ഒ/39/1399/2025)*

## എൽ.എൽ.ബി സ്പോട്ട് അഡ്മിഷൻ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ പഞ്ചവത്സര എൽഎൽബി പ്രോഗ്രാമിൽ (ഓണേഴ്സ് 2024 അഡ്മിഷൻ) ഒഴിവുള്ള സംവരണ സീറ്റുകളിൽ മാർച്ച് 24ന് സ്പോട്ട് അഡ്മിഷൻ നടക്കും.*

*എസ്.സി, എസ്.ടി, എൽസി-രണ്ടു വീതം, ഈഴവ, ധീവര, വിശ്വകർമ, കുടുംബി, എക്സ് ഒബിസി- ഒന്നുവീതം എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം. യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി രാവിലെ 11.00ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം.*

*സംവരണ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ കഴിഞ്ഞ വർഷത്തെ സർവകലാശാലാ പൊതുപ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് ഇതര വിഭാഗങ്ങളിലുള്ള വിദ്യാർഥികളെ പരിഗണിക്കും.*

*(പി.ആർ.ഒ/39/1400/2025)*

## നാനോ ടെക്നോളജി രാജ്യാന്തര സമ്മേളനം ഇന്നുമുതൽ

*പോളിമെർ, നാനോ പദാർത്ഥങ്ങളുടെ നൂതന സാധ്യതകൾ ചർച്ച ചെയ്യുന്ന ത്രിദിന രാജ്യാന്തര സമ്മേളനം ഇന്നു മുതൽ 23 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോ ടെക്നോളജി എന്നിവ സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.*

*വിവിധ രാജ്യങ്ങളിൽനിന്നുള്ള 250 പ്രതിനിധികൾ നേരിട്ടും ഓൺലൈനിലുമായി പങ്കെടുക്കും. ഇന്നു രാവിലെ ഒൻപതിന് വൈസ് ചാൻസലർ ഡോ. സി.ടി. അര*

*വിന്ദകുമാർ ഉദ്ഘാടനം നിർവഹിക്കും. ബ്രസീലിൽനിന്നുള്ള പ്രഫ. ഡാനിയൽ പാസ്കിനി മുഖ്യ പ്രഭാഷണം നിർവഹിക്കും.*

*(പി.ആർ.ഒ/39/1401/2025)*

## പരീക്ഷാ ഫലം

*അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബികോം പ്രൈവറ്റ് പ്രോഗ്രാം (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ അദ്യ മെഴ്സി ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഩൌറലിറ്റ്യ്രൃമേഹ.ാഴൗ.മര.ശി എന്ന ലിങ്കിൽ.*

...................

*മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019, 2020 അഡ്മിഷൻ മെഴ്സി ചാൻസ് നവംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1402/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**